# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.7064 11.07.2014 -ലെ മറുപടിയ്ക്ക്</u>**

## <u>ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ ഒഴിവുകൾ</u>

| **<u>ചോദ്യം</u>** | | **<u>ഉത്തരം</u>** | |
|---|---|---|---|
| ശ്രീ. ഇ. കെ. വിജയൻ | | ശ്രീ. പി. കെ. അബ്ദുറബ്ബ്.<br>(ബഹു:വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ എച്ച്.എസ്.എസ്.ടി. സീനിയർ, ജൂനിയർ ഹിസ്റ്ററി വിഭാഗം അധ്യാപകരുടെ ആകെ എത്ര ഒഴിവുകൾ 1-8-2008 മുതൽ നാളിതുവരെയുള്ള കാലയളവിൽ ഉണ്ടായി ; വിശദവിവരം നൽകാമോ ; | (എ) | എച്ച്.എസ്.എസ്.ടി. ഹിസ്റ്ററി തസ്തികയിൽ 277 ഒഴിവുകളും എച്ച്.എസ്.എസ്.ടി. (ജൂനിയർ) ഹിസ്റ്ററി തസ്തികയിൽ 123 ഒഴിവുകളുമുണ്ടായി. |
| (ബി) | അവയിൽ എത്ര എണ്ണത്തിൽ ജൂനിയർ അധ്യാപകർക്ക് സ്ഥാനകയറ്റം നൽകി ; ബാക്കിയുള്ള ഒഴിവുകൾ എത്ര ; | (ബി) | എച്ച്.എസ്.എസ്.ടി. ഹിസ്റ്ററി തസ്തികയിലേക്ക് 26 ജൂനിയർ അധ്യാപകർക്ക് സ്ഥാനക്കയറ്റം നൽകി ബാക്കി 251 ഒഴിവുകളാണ് ഉണ്ടായിരുന്നത്. |
| (സി) | അവയിൽ 1:3 എന്ന അനുപാത പ്രകാരം എത്ര വീതം ഒഴിവുകൾ തസ്തിക മാറ്റം (എച്ച്.എസ്.എ./എൽ.പി. എസ്.എ./യു.പി.എസ്.എ.) വഴി നിയമിക്കുന്നതിനായി മാറ്റിവയ്ക്കപ്പെട്ടു ; | (സി) | 65 (സീനിയർ), 23 (ജൂനിയർ). |
| (ഡി) | എത്ര വീതം ഒഴിവുകൾ പി.എസ്.സി.യിൽ നിന്നും ജനറൽ റിക്രൂട്ട്മെന്റിലൂടെ നിയമിക്കുന്നതിനായി റിപ്പോർട്ട് ചെയ്തു ; | (ഡി) | 183 (സീനിയർ),100 (ജൂനിയർ). |
| (ഇ) | അവയിൽ എത്ര എണ്ണത്തിന് പി.എസ്.സി.യിൽ നിന്ന് നിയമന ശുപാർശ ചെയ്തു ; എത്ര പേർ ഉദ്യോഗത്തിൽ പ്രവേശിച്ചു ; | (ഇ) | എച്ച്. എസ് .എസ്. റ്റി. ഹിസ്റ്ററി തസ്തികയിൽ 161 ഒഴിവുകളിലേയ്ക്ക് പി എസ് സി യിൽ നിന്ന് നിയമന ശുപാർശ ലഭിക്കുകയും 96 പേർ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. എച്ച് എസ് എസ് റ്റി ഹിസ്റ്ററി |

(ജൂനിയർ) തസ്തികയിൽ 31 ഒഴിവുകളിലേയ്ക്ക് പി എസ് സി യിൽ നിന്ന് നിയമന ശുപാർശ ലഭിക്കുകയും 31 പേർ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു.

(എഫ്) തസ്തികമാറ്റത്തിനായി മാറ്റിവയ്ക്കപ്പെട്ട ഒഴിവുകൾ നിർദ്ദിഷ്ട 25% നിരക്കിനെ അധികരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദവിവരം നൽകാമോ ;

(എഫ്) 2012,2013 വർഷം എച്ച്. എസ്. എസ്. ടി തസ്തികയിൽ ഉണ്ടായ ഒഴിവുകളിൽ 10 എണ്ണം കൂട്ടതലായി തസ്തികമാറ്റ നിയമനത്തിനുവേണ്ടി മാറ്റിവയ്ക്കുകയും ആയത് ഹയർ സെക്കന്ററി ഡയറക്ടറുടെ 26/06/2014 -ലെ എഡി.സി3/59927/എച്ച്.എസ്.ഇ/2013 നമ്പർ കത്ത് പ്രകാരം പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി . എച്ച്. എസ്. എസ്. ടി(ജൂനിയർ)-ന് നിലവിൽ 94 തസ്തികകളാണ് ഉള്ളത്. 69 ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യുകയും 23 എണ്ണം തസ്തിക മാറ്റ നിയമനത്തിനുവേണ്ടി മാറ്റി വയ്ക്കുകയും ചെയ്തിട്ടുണ്ട്. 2 പേർ നിലവിൽ എച്ച്. എസ് .എസ്. ടി (ജൂനിയർ) ആയി ജോലി ചെയ്യുന്നുണ്ട്. എച്ച്. എസ്. എസ്. ടി (ജൂനിയർ) തസ്തികയിൽ തസ്തികമാറ്റ നിയമനത്തിനുവേണ്ടി മാറ്റി വയ്ക്കേണ്ട ഒഴിവുകൾ 25%- നിരക്കിനെ അധികരിച്ചിട്ടില്ല.

(ജി) പുതിയ പ്ലസ് ടു ബാച്ച് അനുവദിക്കുമ്പോൾ സയൻസ് കോമ്പിനേഷന് ആനുപാതികമായി ഹുമാനിറ്റീസ് ബാച്ച് അനുവദിക്കുന്നതിൽ കുറവ് വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എച്ച്) ഈ കുറവ് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചു ?

(ജി) & (എച്ച്) ഈ വർഷം പുതുതായി ഹയർ സെക്കന്ററി ബാച്ചുകൾ അനുവദിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ